(ബി) 53 ബോട്ടുകൾ. ഇപ്പോൾ 49 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്.

(സി) 15 എണ്ണം. മേജർ റിപ്പയർ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ വകുപ്പു ജീവനക്കാരെ കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങളായ കെ. എസ്. ഐ. എൻ. സി., സിൽക്ക് മുഖേനയും പ്രൈവറ്റ് കോൺട്രാക്റ്റർ മുഖേനയും ചെയ്തുവരുന്നു.

## കൊച്ചുവേളിയിലെ റെയിൽവേ ടെർമിനൽ

108 [3513] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചുവേളിയിൽ സ്ഥാപിക്കുന്ന റെയിൽവേയുടെ രണ്ടാം ടെർമിനലിന്റെ നിർമ്മാണം ഏതുവരെയായിയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തിയാക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുമോ;

(സി) നേമത്ത് റെയിൽവേയുടെ ഒരു കോച്ച് റിപ്പയറിംഗ് യൂണിറ്റ് സ്ഥാപിക്കാൻ കേന്ദ്ര റെയിൽവേ വകുപ്പിൽ സമ്മർദ്ദം ചെലുത്തുമോ?

### ഉത്തരം

(എ) കൊച്ചുവേളിയിൽ രണ്ടാം ടെർമിനൽ നിർമ്മാണത്തിന്റെ പദ്ധതിക്ക് റെയിൽവേ അന്തിമ രൂപം നൽകി വരുകയാണ്.

(ബി) സമ്മർദ്ദം ചെലുത്തുന്നതാണ്.

(സി) നേമത്ത് ഒരു ക്രോസിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്.

## കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

109 [3514] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ലാഭകരമാക്കുന്നതിനുമായി സ്വീകരിച്ച വിവിധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിയുടെ ഭാഗമായി സംസ്ഥാനത്തിന് എത്ര റൂട്ടുകൾ ക്യാൻസൽ ചെയ്തുവെന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഈ നടപടികൾ നിമിത്തം കെ. എസ്. ആർ. ടി. സി.-യെ ലാഭകര മാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്താൻ പുറപ്പെടുന്നതിന് തൊട്ടുമുൻപ് പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്താനായി പെർമിറ്റ് നൽകിയത് കെ. എസ്. ആർ. ടി. സി. യുടെ കളക്ഷനിൽ കുറവുവരാൻ കാരണമായ യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ പരിശോധനകളോ നടത്തിയിട്ടുണ്ടോ;

(എഫ്) കെ. എസ്. ആർ. ടി. സി. ബസ്സുകൾ പുറപ്പെടുന്നതിന് തൊട്ടുമുൻപുള്ള പ്രൈവറ്റ് സർവ്വീസുകൾ കൃാൻസൽ ചെയ്ത് കെ. എസ്. ആർ. ടി. സി.-യെ സംരക്ഷിക്കുവാനും യാത്രാ സൗകര്യം മെച്ചപ്പെടുത്തുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ലാഭകരമാക്കുന്നതിനും വേണ്ടി ഉന്നതാധികാര സമിതിയുടെ ശുപാർശകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആദ്യ നടപടിയെന്ന നിലയിൽ കി. മീറ്ററിന് 10 രൂപയിൽ താഴെമാത്രം വരുമാനമുള്ള ട്രിപ്പുകളും സർവ്വീസുകളും നിർത്തൽ ചെയ്യുകയുണ്ടായി.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. ഇതിന്റെ ഭാഗമായി പല ഡിപ്പോകളിലേയും ശരാശരി വരുമാനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്.

(ഡി) ഇതു കാരണം ചില ഡിപ്പോകളിൽ കളക്ഷൻ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ടൈമിംഗ് കോൺഫറൻസ് വച്ച് കെ. എസ്. ആർ. ടി. സി. യുടെ പരാതി കേട്ട ശേഷമേ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കാവൂ എന്ന് ബന്ധപ്പെട്ട ആർ. ടി. ഒ. മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) ടൈമിംഗ് കോൺഫറൻസ് വിളിച്ചുകൂട്ടി സമയത്തിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നുണ്ട്. പെർമിറ്റ് കൃാൻസൽ ചെയ്യാൻ കെ. എസ്. ആർ. ടി. സി.-ക്ക് അധികാരമില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly